ഉത്തരം

(എ) ആറ് മുസ്ലീം വിദ്യാഭ്യാസ ഇൻസ്പെക്ടർമാരുടെയും മൂന്ന് വനിതാ ഇൻസ്പെക്ടർമാരുടെയും തസ്തികകൾ ഉണ്ട്.

(ബി) കൊല്ലം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

ജില്ല	മുസ്ലീം ഇൻസ്പെക്ടർമാർ	വനിതാ ഇൻസ്പെക്ടർമാർ
കൊല്ലം	എം. മുഹമ്മദ് കുഞ്ഞ്	..
എറണാകുളം	കെ. അലവി	..
പാലക്കാട്	ടി. ഐ. റഷീദ് സാഹിബ്	കെ. അയിഷക്കുട്ടി
മലപ്പുറം	കെ. മുഹമ്മദു കുട്ടി	എം. ആമിന
കോഴിക്കോട്	ഒഴിവു നികത്തിയിട്ടില്ല	എം. റംലാബി
കണ്ണൂർ	എസ്. അബ്ദുൽ റഹിമാൻ	..

(സി) ജി. ഒ. എം. എസ്. 525/65 എഡ്യു. തീയതി 27-9-1965-ൽ വിവരിക്കുന്ന നിശ്ചിത യോഗ്യതയുള്ളവരും ഗവൺമെൻറ് സ്കൂളിൽ എച്ച്. എസ്. എ. ആയി ജോലി നോക്കുന്നവരിൽ നിന്നും ട്രാൻസ്ഫർ പോസ്റ്റിംഗ് മുഖാന്തിരം ഒഴിവുകൾ നികത്തുന്നു.

(ഇ) വിദ്യാഭ്യാസ ഡയറക്ടർ.

ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഒഴിവുകൾ

1439. [2041] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഒഴിവുകളുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഇവ നികത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

എ. ഇ. ഒ. മാരുടെ ഒഴിവുകൾ

1440. [2042] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും ഇന്ന് അസിസ്റ്റൻറ് എഡ്യൂക്കേഷൻ ഓഫീസർമാരുടെ ഒഴിവുകളുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഇവ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

1970-നു ശേഷം ആരംഭിച്ച കോളേജുകൾ

1441. [2044] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1970-നു ശേഷം സംസ്ഥാനത്ത് എത്ര കോളേജുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ ഗവൺമെൻറ് കോളേജുകൾ എത്ര ;

(സി) പ്രൈവറ്റ് കോളേജുകൾ എത്ര ;

(ഡി) ഏതെല്ലാം വർഷങ്ങളിലാണ് കോളേജുകൾ ആരംഭിച്ചത് ;

(ഇ) ഈ ഗവൺമെൻറ് കോളേജുകൾ ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ആരംഭിച്ചത് ;

(എഫ്) ഇതിൽ ഏതെല്ലാം കോളേജുകൾ ഫസ്റ്റ് ഗ്രേഡിൻമേലായിട്ടുണ്ട് ;

(ജി) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ഗവ. കോളേജുകളുണ്ടോ ;

(എച്ച്) എവിടെയെല്ലാം ;

(ഐ) ഈ കോളേജുകൾക്ക് കെട്ടിടം എപ്പോൾ നിർമ്മിക്കാൻ സാധിക്കും ?

ഉത്തരം

(എ) 53.

(ബി) 24.

(സി) 29.

(ഡി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഇ) 1. ഗവൺമെൻറ് ആർട്ട്സ് ആൻറ് സയൻസ് ഈവനിംഗ് കോളേജ്, കാലിക്കട്ട്.
2. ഗവ. കോളേജ് കോട്ടയം.
3. ഗവ. കോളേജ്, തൃശ്ശൂർ.
4. ഗവ. കോളേജ്, മലപ്പുറം.
5. ഗവ. കോളേജ്, ആറ്റിങ്ങൽ.
6. പി. എം. ഗവ. കോളേജ് ചാലക്കുടി.
7. പി. ടി. എം. കോളേജ്, പെരിന്തൽമണ്ണ.
8. സി. കെ. ജി. കോളേജ്, പേരാമ്പ്ര.
9. ഗവ. കോളേജ്, കൊയിലാണ്ടി.
10. വി. കെ. കെ. എം. കോളേജ്, കണ്ണൂർ.
11. ഗവ. കോളേജ്, കട്ടപ്പന.
12. ഗവ. കോളേജ്, തിരൂർ.
13. ഗവ. കോളേജ്, മഞ്ചേശ്വർ.
14. ഗവ. കോളേജ്, കോഴഞ്ചേരി.
15. ഗവ. കോളേജ്, നെടുമങ്ങാട്.
16. ഗവ. കോളേജ്, ചവറ.

LIBRARY ARCHIVES Kerala Legislative Assembly